96 ലക്ഷം രൂപയും അതിലേക്കാവശ്യമായ 11 കെ. വി. സബ്സ്റ്റേഷൻ 71.68 ലക്ഷം രൂപയുമാണ് ചെലവായത്. ആദ്യഘട്ടമെന്ന നിലയിൽ 50000 ലിറ്റർ പ്രതിദിന ജലലഭ്യതയാണ് ഒരുക്കിയിരിക്കുന്നത്. ഇതിനായി 98 ലക്ഷം രൂപ ചെലവഴിച്ചു.

(സി) സൈബർ പാർക്കിന്റെ നിലവിലുള്ള 11700 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പാർക്ക് സെന്റർ കെട്ടിടത്തിൽ നിലവിൽ 4 കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. ഈ കെട്ടിടത്തിൽ സ്ഥലമൊന്നും ഇപ്പോൾ ഒഴിഞ്ഞു കിടപ്പില്ല. സൈബർപാർക്കിന്റെ 2.88 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ പണി ഈ വർഷാവസാനമാകുമ്പോഴേക്കും പൂർത്തീകരിക്കാൻ സാധിക്കും. പ്രസ്തുത സ്ഥലം ഐ.ടി. കമ്പനികൾക്കു നൽകുന്നത് സംബന്ധിച്ച് അഡ്വാൻസ് മാർക്കറ്റിങ്ങ് പ്രവൃത്തികൾ നടന്നുവരുന്നു.

അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ്

309 (658) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സാധ്യമാക്കുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ആദ്യഘട്ടത്തിൽ നടപ്പാക്കുന്നത് ; വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് ;

(സി) ഏതെല്ലാം ജില്ലകളിലെ പ്രവൃത്തി ഇതിനകം ടെണ്ടർ ചെയ്തിട്ടുണ്ട് ;

(ഡി) സംസ്ഥാനമൊട്ടാകെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ ; ഏതെല്ലാം ജില്ലകളെ ആദ്യഘട്ടത്തിൽ ഒഴിവാക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്ത് തലം വരെ അതിവേഗ ബ്രോഡ്ബാന്റ് കണക്ഷൻ ലഭ്യമാക്കുന്നതിലേക്കായി നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് (NOFN) എന്ന കേന്ദ്ര സർക്കാർ പദ്ധതിയിൽ കേരളത്തിലെ എല്ലാ ജില്ലകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ബി.എസ്.എൻ.എൽ., ഭാരത് ബ്രോഡ്ബാന്റ് നെറ്റ് വർക്ക് ലിമിറ്റഡ് (ബി.ബി.എൻ.എൽ.) എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതി എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

കുണ്ടറ ടെക്നോപാർക്ക്

310 (659) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുണ്ടറ ടെക്നോപാർക്കിൽ നാളിതുവരെ എത്ര കമ്പനികൾ പ്രവർത്തനം ആരംഭിച്ചു ;

(ബി) കുണ്ടറ ടെക്നോപാർക്കിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(സി) കുണ്ടറ ടെക്നോപാർക്ക് വികസനത്തിനായി നവീന പദ്ധതികൾ എന്തെങ്കിലും ആരംഭിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുണ്ടറ ടെക്നോപാർക്കിൽ 8 കമ്പനികൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

(ബി) ആദ്യ ഘട്ടമായി 1 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടം പൂർത്തിയായിക്കഴിഞ്ഞു.

1. 11 ലക്ഷം സ്റ്റോറേജ് കപ്പാസിറ്റിയുള്ള വാട്ടർടാങ്കും പമ്പ് ഹൗസും.
2. 0.3 MLD കപ്പാസിറ്റിയുള്ള Sewage Treatment Plant-ന്റെ നിർമ്മാണം.
3. 1.5 Km നീളമുള്ള Interior road.
4. 110 KV സബ്സ്റ്റേഷൻ.
5. ചിറ്റുമലയിൽ നിന്നും വെള്ളം കൊണ്ടു വരാനായുള്ള ഒരു ജലവിതരണ സംഭരണ പദ്ധതിയും അതിനനുബന്ധമായ Water Treatment Plant.
6. Kollam - ക്രിസ്തുരാജ് ജംഗ്ഷനിൽ നിന്നും ടെക്നോപാർക്കിലേക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം.
7. ഒന്നാം നിലയിൽ പൂർണ്ണമായും ഫർണിഷ് ചെയ്ത് സജ്ജമാക്കിയിരിക്കുന്ന (Plug & Play Ready to occupy-SBCs) 9 Business ഓഫീസുകൾ.

LIBRARY ARCHIVES Kerala Legislative Assembly